അധ്യായം
നാല്

വിരസമായി നീങ്ങുന്ന മണിക്കൂറുകൾ. ജേക്കബിന് എല്ലാറ്റിനോടും വിമുഖത തോന്നി. പതിവു ദിവസങ്ങളിലെ തിരക്കൊന്നുമില്ല. ഒന്നും ചെയ്യാനുമില്ല. മധ്യാഹ്നസൂര്യൻ ചാഞ്ഞുകൊണ്ടിരുന്നു. പകൽസമയത്ത് ഉറക്കം പതിവില്ലാത്തതാണെങ്കിലും ജേക്കബ് ഉറങ്ങാൻ കിടന്നു. ചിന്താഭാരത്താൽ മനസ് അസ്വസ്ഥമായിരുന്നതിനാൽ ഉറക്കം വന്നതേയില്ല. വീണ്ടും ഭൂതകാലത്തേക്ക് മനസ് യാത്രയായി.സിവിൽ സർവീസ്, ഒരു മോഹമായി മനസിൽ കയറിയതുതന്നെ വല്യപ്പച്ചൻ കാരണമാണ്.എൻജിനീയറിംഗ് കോളജിൽ നിന്ന് പുറത്ത്വന്നപ്പോൾ സ്റ്റേറ്റിന് പുറത്ത് ഏതെങ്കിലും കമ്പനിയിൽ ചേരാനായിരുന്നു ആഗ്രഹം. അച്ചായനും വല്യപ്പച്ചനുമാണ് ഐ.എ.എസിന് തയാറെടുക്കാൻ പ്രേരിപ്പിച്ചത്. മദ്രാസിൽ അങ്കിളിന്റെ ഒപ്പം നിന്നായിരുന്നു ട്രെയിനിംഗ്. ഡിഗ്രി പാസായ ശേഷം ഗവൺമെന്റ് ഉദ്യോഗം വഹിക്കാനാണ് താൻ ആഗ്രഹിച്ചിരുന്നതെന്ന് അച്ചായൻ പറയാറുണ്ട്.ഒടുവിൽ ടീച്ചറായി.ഇന്ത്യൻ സിവിൽ സർവീസ് (ഐ.സി.എസ്) പരീക്ഷയെക്കുറിച്ച്, അതിന്റെ ഗരിമയെകുറിച്ച്, നേട്ടങ്ങളെക്കുറിച്ച്, അതിന് തയ്യാറെടുക്കേണ്ടതിനെക്കുറിച്ചൊക്കെ വല്യപ്പച്ചന് സാമാന്യഗ്രാഹ്യമുണ്ടായിരുന്നു. ബ്രിട്ടീഷുകാരാണ് ഇവിടെ പരീക്ഷ തുടങ്ങിവച്ചത്. ഇംഗ്ലണ്ടിൽ നിന്നുള്ള ബ്രിട്ടീഷുകാരെ മാത്രമാണ് ആദ്യം ഐ.സി.എസിന് തിരഞ്ഞെടുത്തിരുന്നത്. ഇംഗ്ലണ്ടിൽ പഠിച്ച ഇന്ത്യക്കാർക്കും പിന്നീട് പരീക്ഷകളിൽ പങ്കെടുക്കാൻ അവസരം ലഭിച്ചു.. ഇന്ത്യക്കാര് ആദ്യമായി പരീക്ഷയെഴുതിയത് 1932ലാണ്. ഇന്ത്യ സ്വതന്ത്രയായ നാളുകളിൽ ബ്രിട്ടീഷ് ഭരണാധികാരികളിൽ നിന്നും ഭരണം കൈമാറിയെടുക്കാൻ ഈ ഐ.സി.എസ് ഭരണാധികാരികൾ പ്രധാന പങ്കുവഹിച്ചിരുന്നു. വീണ്ടും സ്വാതന്ത്ര്യചരിത്രത്തിലേക്കു തന്നെ മനസ് കടന്നുചെന്നു.

ഇന്ത്യൻയൂണിയനിൽ ചേരാൻ മടിച്ചുനിന്ന നാട്ടുരാജ്യങ്ങളിൽ കാഷ്മീരിനു വ്യത്യസ്തമായൊരു കഥയാണ് പറയാനുണ്ടായിരുന്നത്.കാഷ്മീർ ജനതയുടെ കഷ്ടകാലം അന്നുതുടങ്ങിയതാണെന്നു പറഞ്ഞാണ വല്യപ്പച്ചൻ പറഞ്ഞുതുടങ്ങുക്. 84,000 ചതുരശ്ര നാഴിക വിസ്തീർണമുണ്ടായിരുന്ന കാഷ്മീരിൽ 45,00,000 പേർ താമസിച്ചിരുന്നു. ഭൂരിപക്ഷം ജനങ്ങളും മുസ്ലീങ്ങളായിരുന്നുവെങ്കിലും ഹിന്ദുരാജാവായിരുന്നു അവിടെ ഭരിച്ചിരുന്നത്. പാകിസ്ഥാനോട് ചേർന്നു കിടന്ന കാഷ്മീരിന്, നിയമപ്രകാരം, ഇന്ത്യയിലോ പാകിസ്ഥാനിലോ ലയിക്കാൻ അവകാശമുണ്ടായിരുന്നു. ഇന്ത്യയുടെ മതനിരപേക്ഷതയെ വിളിച്ചറിയിക്കാൻ കാഷ്മീരിനെ ഇന്ത്യയിൽ ലയിപ്പിക്കണമെന്ന് നെഹ്റുവും മറ്റും ആഗ്രഹിച്ചു.എന്നാൽ രാജാവ് അതിന് ഒരുക്കമായിരുന്നില്ല.

സ്വേഛാധിപതിയുടെ മട്ടിലുള്ള, മഹാരാജാവ് സർ ഹരിസിംഗ് ബഹദൂറിന്റെ ഭരണം മടുത്ത് കാഷ്മീർ ജനത രാജാവിനെതിരെ പ്രക്ഷോഭം തുടങ്ങി. ഈ സന്ദർഭം മുതലെടുത്ത് 1947 ഒക്ടോബറിൽ പാക്കിസ്ഥാൻ കാഷ്മീരിനെ ആക്രമിച്ച് ശ്രീനഗറിനടുത്തുവരെയെത്തി. കാര്യങ്ങൾ കൈവിട്ടു പോകുമെന്ന് കണ്ടതോടെ രാജാവ് കാഷ്മീരിനെ ഇന്ത്യൻ യൂണിയനിൽ ലയിപ്പിച്ച് കരാർ ഒപ്പുവച്ചു. ഷേക്ക് അബ്ദുള്ളയുടെ നേതൃത്വത്തിൽ ഒരു ജനകീയ മന്ത്രിസഭ കാഷ്മീരിൽ ഭരണമേറ്റു. കാഷ്മീരിന്റെ ഭൂരിഭാഗവും ഇന്ത്യൻ സൈന്യം മോചിപ്പിച്ചു.

1950 ജനുവരി 26ന് നിലവിൽ വന്ന ഇന്ത്യൻ ഭരണഘടന പ്രകാരം ഇന്ത്യ പരമാധികാരമുള്ള ജനാധിപത്യ റിപ്പബ്ലിക്കായി. ബ്രിട്ടീഷ് ഇന്ത്യൻ സംസ്ഥാനങ്ങളും നാട്ടുരാജ്യങ്ങളുമായി കാലങ്ങളായി ഉണ്ടായിരുന്ന വ്യത്യാസം ഇല്ലാതായി. ഇന്ത്യാ റിപ്പബ്ലിക്കിലെ പ്രാദേശിക ഘടകങ്ങളെ സ്റ്റേറ്റ് എന്ന് വിളിച്ചു. വിവിധ സംസ്ഥാനങ്ങളെ കോർത്തിണക്കിയുള്ള ഫെഡറേഷനാണ് ഇന്ത്യൻ ഭരണഘടന വിഭാവനം ചെയ്യുന്ന തെങ്കിലും അതിന്റെ യൂണിറ്ററി സ്വഭാവം എടുത്തുപറയത്തക്കതാണ്. 1951 – 52ൽ ഭരണഘടനാ പ്രകാരമുള്ള ആദ്യ പൊതുതിരഞ്ഞെടുപ്പ് നടന്നു. 1957ലായിരുന്നു രണ്ടാമത്തേത്. 17 വർഷത്തോളം ഇന്ത്യൻ പ്രധാനമന്ത്രിയെന്ന നിലയിൽ നെഹ്റുവിന്റെ സേവനം രാജ്യത്തിന് ലഭ്യമായി.

ഉജ്വല നേതൃത്വത്തിലൂടെ ആഭ്യന്തര, അന്താരാഷ്ട്ര രംഗങ്ങളിൽ നെഹ്റു ഇന്ത്യയ്ക്ക് ബഹുമാന്യസ്ഥാനം നേടിത്തന്നു. പാകിസ്ഥാനിൽ നിന്ന്, ഭവനരഹിതരായി വന്ന ജനലക്ഷങ്ങളെ പുനരധിവസിപ്പിക്കുന്നതിൽ പ്രധാനമന്ത്രിയെന്ന നിലയിൽ നെഹ്റു വിജയിച്ചു. ജനാധിപത്യത്തിലധിഷ്ഠിതമായ ഇന്ത്യൻ ഭരണഘടന രൂപപ്പെടുത്തുന്നതിലും ശ്രദ്ധേയമായിരുന്നു അദ്ദേഹത്തിന്റെ പങ്ക്. ജനാധിപത്യം, മതനിരപേക്ഷത, സോഷ്യലിസം എന്നിങ്ങനെ ഭരണഘടനയുടെ അടിസ്ഥാനതത്വങ്ങൾ നിലനിർത്തുന്നതിൽ അദ്ദേഹം ശ്രദ്ധേയ പങ്ക് വഹിച്ചു.അന്നൊക്കെ നെഹ്റു തന്റെ ആരാധ്യപുരുഷനായിരുന്നു എന്ന് വല്യപ്പച്ചൻ പറയും്.സ്വതന്ത്ര ഇന്ത്യയുടെ സാമ്പത്തിക അടിത്തറ രൂപപ്പെടുത്തും വിധമുള്ള പഞ്ചവത്സര പദ്ധതികൾക്ക് നെഹ്റു തുടക്കമിട്ടു. അന്താരാഷ്ട്ര രംഗത്താകട്ടെ ചേരിചേരാ നയത്തിന്റെ ശിൽപിയായി അദ്ദേഹം. അദ്ദേഹത്തിന്റെ പഞ്ചശീലതത്വങ്ങളിലൂടെ ഇന്ത്യ അന്താരാഷ്ട്ര രംഗത്ത് പ്രശസ്തമായി.പ്രായപൂർത്തി വോട്ടവകാശത്തിന്റെ അടിസ്ഥാനത്തിൽ തിരഞ്ഞെടുക്കപ്പെട്ട നിയമസഭകളാണിന്ന് എല്ലാ സംസ്ഥാനങ്ങളിലും ഭരണം നടത്തുന്നത്്.. കേന്ദ്ര ക്യാബിനറ്റിന്റെ മാതൃകയിലുള്ള മന്ത്രിസഭകൾക്കാണ് സംസ്ഥാന

ഭരണത്തിന്റെ ചുമതല.മുഖ്യമന്ത്രിയുടെ നേതൃത്വത്തിലുള്ള മന്ത്രിസഭയുടെ ഉപദേശം സ്വീകരിക്കാൻ സംസ്ഥാനത്തെ ഔപചാരിക ഭരണതലവനായ ഗവർണർക്ക് കടമയുണ്ട്. ഇന്ത്യയുടെ ആദ്യ പ്രസിഡന്റ് ഡോ. രാജേന്ദ്രപ്രസാദ് ആയിരുന്നു വൈസ് പ്രസിഡന്റ് പ്രശസ്ത ഫിലസഫർ ഡോ. സർവേപള്ളി രാധാകൃഷ്ണനും.

കേരളത്തിനെ സംബന്ധിച്ചും ശ്രദ്ധേയമായിരുന്നു സ്വാതന്ത്ര്യാനന്തരകാലഘട്ടമെന്ന് വല്യപ്പച്ചൻ പറയും. 1947 ഓഗസ്റ്റ് 19ന്, വിവാദനായകനായ സർ സി.പി രാമസ്വാമി അയ്യർ ഉദ്യോഗമൊഴിഞ്ഞു. തുടർന്ന് പി.ജി.എൻ ഉണ്ണിത്താൻ ദിവാനായി. പട്ടം എ താണുപിള്ള, സി. കേശവൻ, ടി.എം. വർഗീസ് എന്നിവരുൾപ്പെട്ട തിരുവിതാംകൂറിലെ ആദ്യത്തെ ജനകീയ മന്ത്രിസഭ 1948 മാർച്ച് 24ന് അധികാരമേറ്റു. കോൺഗ്രസ് നിയമസഭാ കക്ഷിയിലെ അഭിപ്രായ വ്യത്യാസങ്ങൾ 1948 ഒക്ടോബർ 22ന് പട്ടത്തിന്റെ മന്ത്രിസഭയുടെ രാജിയിലെത്തി.

ടി.കെ നാരായണപിള്ളയുടെ നേതൃത്വത്തിൽ ഭരണമേറ്റ പുതിയ മന്ത്രിസഭയുടെ കാലത്തായിരുന്നു1949 ജൂലൈ 1ന് തിരുവിതാംകൂർ കൊച്ചി സംയോജനം˘. ടി.കെ നാരായണപിള്ളയായിരുന്നു ഇക്കാലത്ത് തിരുവിതാംകൂർ മുഖ്യമന്ത്രി. മന്ത്രിമാരിൽ ചിലർ മാറിക്കൊണ്ടിരുന്നെങ്കിലും 1951 വരെ ആ മന്ത്രിസഭ അധികാരത്തിൽ തുടർന്നു. കോൺഗ്രസിലെ പിളർപ്പിനെ തുടർന്ന് 1951 ഫെബ്രുവരിയിൽ മന്ത്രിസഭ രാജി വച്ചു. സി കേശവൻ മുഖ്യമന്ത്രിയായി ചെറിയൊരു കാലത്തേക്ക് പുതിയൊരു മന്ത്രിസഭ ഭരണത്തിൽ വന്നു. 1951– 52ലെ പൊതുതിരഞ്ഞെടുപ്പിൽ നിയമസഭയിലെ 108 സീറ്റിൽ കോൺഗ്രസിന് ലഭിച്ചത്˘ 44 എണ്ണം.തിരുവിതാംകൂർ തമിഴ്നാട് കോൺഗ്രസിലെ എട്ടു നിയമസഭാംഗങ്ങളുടെ പിന്തുണയോടെ എ.ജെ ജോണിന്റെ നേതൃത്വത്തിൽ നിലവിൽ വന്ന കോൺഗ്രസ് മന്ത്രിസഭയും വൈകാതെ തകർന്നു. 1954 ഫെബ്രുവരിയിൽ തിരുവിതാംകൂർ - കൊച്ചി നിയമസഭയിലേക്ക് നടന്ന ഇടക്കാല തിരഞ്ഞെടുപ്പിൽ 118 സീറ്റിൽ 45 എണ്ണത്തിൽ മാത്രമാണ് കോൺഗ്രസ് വിജയം കണ്ടത്.

കമ്യൂണിസ്റ്റ് ഭരണം ഒഴിവാക്കാൻ പ്രജാ സോഷ്യലിസ്റ്റ് പാർട്ടി (പി.എസ്.പിയുടെ മന്ത്രിസഭയെ കേൺഗ്രസ് പിന്തുണച്ചു. 1954 മാർച്ച് 17ന് പട്ടം താണുപിള്ള മുഖ്യമന്ത്രിയായി പി.എസ്.പി അധികാരമേറ്റു. കോൺഗ്രസ് പിന്തുണയോടെ നിയമസഭ പാസാക്കിയ അവിശ്വാസ പ്രമേയത്തിൽ പട്ടം മന്ത്രിസഭ വീണു. തമിഴ്നാട് കോൺഗ്രസിന്റെ പിന്തുണയോടെ പനമ്പിള്ളി ഗോവിന്ദമേനോന്റെ നേതൃത്വത്തിൽ 1955 ഫെബ്രുവരിയിൽ കോൺഗ്രസ് മന്ത്രിസഭ അധികാരമേറ്റു. കോൺഗ്രസിലെ പിളർപ്പിനെ തുടർന്ന് 1956 മാർച്ചിൽ ഈ മന്ത്രിസഭയും തകർന്നു. ഇതേ തുടർന്നായിരുന്നു˘ സംസ്ഥാനത്ത് ആദ്യമായി പ്രസിഡന്റ് ഭരണം നടപ്പിലായത്.

ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനങ്ങളെ പുനസംഘടിപ്പിക്കാനുള്ള കേന്ദ്രഗവൺമെന്റ് തീരുമാനവും ഇക്കാലത്തുണ്ടായി. തമിഴ് സംസാരിക്കുന്ന മലബാറിലെ തോവാള, അഗസ്തീശ്വരം, കൽക്കുളം, വിളവൻകോട് എന്നീ തെക്കൻ താലൂക്കുകളും ചെങ്കോട്ട താലൂക്കിന്റെ ഒരു ഭാഗവും തിരുവിതാംകൂർ കൊച്ചിയിൽ നിന്ന് മദിരാശി സംസ്ഥാനത്തിന്റെ ഭാഗമാക്കി. മദിരാശിയുടെ ഭാഗമായിരുന്ന മലയാളം സംസാരിക്കുന്ന മലബാറിന്റെ വടക്കൻ മേഖലയും മൈസൂർ സ്റ്റേറ്റിന്റെ ഭാഗമായിരുന്ന തെക്കൻ കാനറയിലെ കാസർകോട് താലൂക്കും തിരുവിതാംകൂർ– കൊച്ചി സംസ്ഥാനത്തിന്റെ ഭാഗമായി. 1956 നവംബർ ഒന്നിന് ഐക്യകേരളം നിലവിൽ വന്നു. മലബാറിനെ കൂട്ടിച്ചേർത്തത് കേരളത്തിൽ കമ്യൂണിസ്റ്റ് പാർട്ടിക്ക് ശക്തി പകർന്നു. 1957 ഫെബ്രുവരി മാർച്ച് മാസങ്ങളിൽ കേരള നിയമസഭയിലേക്ക് നടന്ന ആദ്യ പൊതുതിരഞ്ഞെടുപ്പ് ഫലം കമ്യൂണിസ്റ്റ് പാർട്ടിക്ക് അനുകൂലമായി.

നിയമസഭയിലെ 126 സീറ്റിൽ 65ഉം നേടിയത് കമ്യൂണിസ്റ്റ് പാർട്ടിയും അവരുടെ പിന്തുണയുള്ള സ്വതന്ത്രന്മാരുമായിരുന്നു. പ്രസിഡന്റ് ഭരണം അവസാനിച്ച് 1957 ഏപ്രിൽ അഞ്ചിന് ഇ.എം.എസ് നമ്പൂതിരിപ്പാട് മുഖ്യമന്ത്രിയായി കേരളത്തിൽ കമ്യൂണിസ്റ്റ് സർക്കാർ അധികാരമേറ്റു. പ്രൊഫ. ജോസഫ് മുണ്ടശേരി കൊണ്ടുവന്ന വിദ്യാഭ്യാസ പരിഷ്കരണങ്ങൾ കേരളത്തിലെ ക്രൈസ്തവ സഭകളുടെയും നായർ സർവീസ് സൊസൈറ്റി (എൻ.എസ്.എസ്)യുടെയും എതിർപ്പിനിടയാക്കി. 1959ലെ മന്ത്രിസഭാ പതനത്തിനിടയാക്കിയ വൻപ്രക്ഷോഭത്തിലേക്ക് എതിർപ്പ് ശക്തമായി. എൻ.എസ്.എസ് നേതാവ് മന്നത്ത് പത്മനാഭന്റെയും ഫാദർ വടക്കന്റെയും നേതൃത്വത്തിൽ നടന്ന വിമോചനസമര പ്രക്ഷോഭത്തിൽ കോൺഗ്രസ്, പി.എസ്.പി, ആർ.എസ്.പി, മുസ്ലീം ലീഗ് എന്നിങ്ങനെ കമ്യൂണിസ്റ്റുകാരൊഴികെയുള്ള രാഷ്ട്രീയ കക്ഷികളും ക്രൈസ്തവസഭകളും പങ്കെടുത്തു. കേരളം പ്രക്ഷുബ്ധമായ ആ സമരത്തിൽ താനും പങ്കെടുത്തിരുന്നുവെന്ന് വല്യപ്പച്ചൻ പറഞ്ഞിട്ടുണ്ട്.സമരത്തോടനുബന്ധിച്ച് നടന്ന പോലിസ് വെടിവെയ്പുകളിൽ 15 പേർ മരിച്ചു. സംസ്ഥാന ഭരണം താറുമാറായതോടെ ഭരണഘടന അനുശാസിക്കുംവിധമുള്ള ഭരണം കേരളത്തിൽ സ്തംഭിച്ചതായി കേരള ഗവർണർ രാഷ്ട്രപതിയെ അറിയിച്ചു. ജൂലൈ 31ന് ഇന്ത്യൻ ഭരണഘടനയിലെ 356-ാം വകുപ്പ് പ്രകാരം ഒരു വിളംബരത്തിലൂടെ കേരള ഭരണം വീണ്ടും രാഷ്ട്രപതി ഏറ്റെടുത്തു. 1960 ഫെബ്രുവരിയിൽ നടന്ന തിരഞ്ഞെടുപ്പിൽ കോൺഗ്രസ്, പി.എസ്.പി, മുസ്ലീം ലീഗ്

സഖ്യം 95 സീറ്റ് നേടി. കമ്യൂണിസ്റ്റ് പാർട്ടിക്കും അവരുടെ പിന്തുണയിൽ മത്സരിച്ച സ്വതന്ത്രൻമാർക്കും 29 സീറ്റ് ലഭിച്ചു. പി.എസ്.പി നേതാവ് പട്ടം എ താണുപിള്ളയുടെ നേതൃത്വത്തിൽ കോൺഗ്രസ് - പി.എസ്.പി മന്ത്രിസഭ സത്യപ്രതിജ്ഞ ചെയ്തു. ഫെബ്രുവരി 20ന് പ്രസിഡന്റ് ഭരണം അവസാനിച്ചു. പട്ടം താണുപിള്ള പഞ്ചാബ് ഗവർണറായി നിയമിക്കപ്പെട്ട 1962 സെപ്റ്റംബറിൽ കോൺഗ്രസ് കക്ഷി നേതാവ് ആർ. ശങ്കർ മുഖ്യമന്ത്രിയായി. ഇതോടെ പി.എസ്.പി സഖ്യം വിട്ടു. മുസ്ലീം ലീഗും ഇതിനകം തന്നെ സഖ്യത്തിൽ നിന്ന് പിൻമാറിയിരുന്നു. കോൺഗ്രസ് നിയമസഭാകക്ഷിയിലെ 15 അംഗങ്ങൾ, ഗവൺമെന്റിനെതിരായ അവിശ്വാസ പ്രമേയത്തിന് പ്രതിപക്ഷ കക്ഷികൾക്കൊപ്പം ചേർന്ന് വോട്ട് ചെയ്തു. തുടർന്ന് സെപ്റ്റംബർ 10ന് ആർ. ശങ്കറിന്റെ കോൺഗ്രസ് മന്ത്രിസഭ രാജിവച്ചു. പാർട്ടി വിട്ട കോൺഗ്രസ് എം.എൽ.എമാർ കേരള കോൺഗ്രസ് എന്ന് പുതിയ പാർട്ടിയുണ്ടാക്കി. വീണ്ടും പ്രസിഡന്റ് ഭരണത്തിന്റെ ദിനങ്ങളായിരുന്നു കേരളത്തിന്. കമ്യൂണിസ്റ്റ് പാർട്ടി (മാർക്സിസ്റ്റ്) എന്നും ഇന്ത്യൻ കമ്യൂണിസ്റ്റ് പാർട്ടി എന്നും ഇക്കാലത്ത് കമ്യൂണിസ്റ്റ് പാർട്ടി രണ്ടായി പിളർന്നു. പ്രജാ സോഷ്യലിസ്റ്റ് പാർട്ടിയും ഇന്ത്യൻ സോഷ്യലിസ്റ്റ് പാർട്ടിയും ചേർന്ന് സംയുക്ത സോഷ്യലിസ്റ്റ് പാർട്ടി എന്നൊരു പുതിയ രാഷ്ട്രീയ പാർട്ടിയുടെ ഉദയവുമുണ്ടായി അന്നാളുകളിൽ. 1965ലെ ഇടക്കാല തിരഞ്ഞെടുപ്പിൽ ഒരു രാഷ്ട്രീയ കക്ഷിക്കും നിയമസഭയിൽ വ്യക്തമായ ഭൂരിപക്ഷം ലഭിച്ചില്ല. ഉറച്ച മന്ത്രിസഭ രൂപീകരിക്കുക അസാധ്യമാണെന്ന് ഗവർണർ അറിയിച്ചതോടെ നിയമസഭ പിരിച്ചുവിട്ട് 1965 മാർച്ച് 24ന് രാഷ്ട്രപതിയുടെ പ്രഖ്യാപനമുണ്ടായി. പ്രസിഡന്റ് ഭരണം പിന്നെയും തുടർന്നു. പ്രസിഡന്റ് ഭരണത്തിന്റെ ദീർഘമായ ഈ കാലത്ത് ജില്ലാ കലക്ടർമാർക്കും ഐ.എ.എസ്, ഐ.പി.എസ് ഓഫീസർമാർക്കും രാഷ്ട്രീയ നേതാക്കളുടെ കൈകടത്തലുകളില്ലാതെ പൂർണ അധികാരം ഉപയോഗിക്കാനായി.

ഐ.സി.എസിന്റെ ഉപവിഭാഗങ്ങളായിരുന്നു ഐ.എ.എസ്, ഐ.എഫ്.എസ്, ഐ.പി.എസ് കേഡറുകൾ. ഇന്ത്യാ ഗവൺമെന്റ് പിന്നീട് ഐ.സി.എസ് നിർത്തലാക്കി.. ഐ.എ.എസ് കേഡറിൽ സെലക്ഷൻ ലഭിക്കുക അന്നൊക്കെ വളരെ ബുദ്ധിമുട്ടായിരുന്നു. ആ കേഡറുകാർക്ക് പ്രത്യേക അവകാശങ്ങളുമുണ്ടായിരുന്നു. കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരമുണ്ടെങ്കിൽ മാത്രമേ മതിയായ തെളിവുകൾ ലഭ്യമാണെങ്കിൽ പോലും അഴിമതിക്കേസിലും മറ്റും ഐ.എ.എസ് ഉദ്യോഗസ്ഥരെ പിരിച്ചുവിടാനാകുമായിരുന്നുള്ളൂ. കുറ്റക്കാരനല്ലെന്ന് തെളിയാത്ത പക്ഷം തന്നെയും പിരിച്ചുവിടാനാകില്ലെന്ന് ജേക്കബിന് ഉറപ്പുണ്ടായിരുന്നു. സസ്പെൻഷൻ വേളയിൽ പോലും ശമ്പളവും ആനുകൂല്യങ്ങളും ലഭിക്കും. ജേക്കബ് ചിന്തകളിൽ നിന്നുണർന്നപ്പോൾ നേരം വൈകിയിരുന്നു.

വിശ്രമത്തിനും ഉറക്കത്തിനും ശേഷം അപ്പച്ചനും അമ്മച്ചിയും ലിവിംഗ് റൂമിൽ ടി.വി കാണുന്നുണ്ടായിരുന്നു. ജേക്കബും അവർക്കൊപ്പം ചേർന്നു. ഇടയ്ക്ക് ഫോൺ ബെൽ കേട്ട് ജേക്കബ് ചെന്നെടുത്തു. മേരിയായിരുന്നു മറുതലയ്ക്കൽ.

"അച്ചായനോട് സംസാരിച്ചുവോ?" ജേക്കബ് ചോദിച്ചു.

"ഉവ്വ്, ഞങ്ങൾ നാളെ വീട്ടിലേക്ക് വരുന്നുണ്ട്. നേതാക്കളോടും മന്ത്രിമാരോടും അച്ചായൻ സംസാരിച്ചു കഴിഞ്ഞു. പാർട്ടി പ്രസിഡന്റിനെ കണ്ട് നാളെ ഒരുവട്ടം കൂടി സംസാരിക്കുന്നുണ്ട്. നാളെ വരുമ്പോൾ പണവും കൊണ്ടുവരും"ജേക്കബ് ഉള്ളിൽ ആശ്വസിച്ചു.

"വരുമ്പോൾ കപ്പയും ചക്കയും തേങ്ങയുമൊക്കെ കൊണ്ടുവരാൻ മറക്കരുതേ"ജേക്കബ് പറഞ്ഞു.

"ഓ.കെ. നാളെ കാണാം. അപ്പച്ചനോടും അമ്മച്ചിയോടും പറഞ്ഞേക്ക്, അച്ചായനും വരുന്നുണ്ടെന്ന്. ബൈ." മേരി ഫോൺ വച്ചു.

"മേരിയും അച്ചായനും നാളെ എത്തും." ജേക്കബ് അപ്പച്ചനോടും അമ്മച്ചിയോടുമായി പറഞ്ഞു.

"പാർട്ടി നേതാക്കളോടും മന്ത്രിമാരോടും അച്ചായൻ സംസാരിച്ചു കഴിഞ്ഞു. നാളെ പാർട്ടി പ്രസിഡന്റിനെയും കാണുന്നുണ്ട്." സെബാസ്റ്റ്യനും അന്നമ്മയും പുഞ്ചിരിയോടെ തലകുലുക്കി.

ബീനയുടെയും ബിനുവിന്റെയും സ്നേഹബന്ധങ്ങളെകുറിച്ച് അപ്പച്ചനോടും അമ്മച്ചിയോടും പറഞ്ഞാലോ? ഒരു നിമിഷം അങ്ങനെ ചിന്തിച്ചുവെങ്കിലും തൽക്കാലം അയാൾ മനസിന് കടിഞ്ഞാണിട്ടു. വല്യപ്പച്ചനോടൊന്ന് സംസാരിച്ചാൽ മനസിന് ഇത്തിരി ആശ്വാസം കിട്ടും.അയാൾ മനസിൽ കരുതി.

"കുമരകത്തേക്കൊന്ന് വിളിച്ചേ അച്ചായാ." ജേക്കബ് സെബാസ്റ്റ്യനോട് പറഞ്ഞു.

ഫോൺ റിംഗ് ചെയ്ത് തുടങ്ങിയതോടെ ജേക്കബ് റിസീവർ വാങ്ങി ചെവിയോട് ചേർത്തു. ശങ്കരനാണ് ഫോണെടുത്തത്.

"അപ്പച്ചന് എങ്ങനെയുണ്ട് ശങ്കരാ?" ജേക്കബ് ചോദിച്ചു.

"കുഴപ്പമൊന്നുമില്ല."

"സംസാരിക്കാമോ?"

"ഞാനൊന്ന് ചോദിക്കട്ടെ?" ശങ്കരൻ.

"അച്ചായനും അമ്മച്ചിയും ഇവിടുള്ള വിവരം അപ്പച്ചനോട് പറയണ്ട. അപ്പച്ചന്റെ കൈയിലേക്ക് ഫോൺ കൊടുക്ക്." ശങ്കരൻ ഫോൺ അപ്പച്ചന് നൽകി.

"എന്തുണ്ട് മോനേ വിശേഷം? ബീനയും ബിനുവും ഇനി നാട്ടിലേക്ക് എന്നുവരും. മേരി എന്തു പറയുന്നു?". വല്യപ്പച്ചന്റെ സ്വരം കേട്ടതുതന്നെ ജേക്കബിന് സന്തോഷം തോന്നി.

"എല്ലാരും സുഖമായിരിക്കുന്നു വല്യപ്പച്ചാ, ബിനു ഈ ശനിയാഴ്ച വരുന്നുണ്ട്. അപ്പച്ചനെ വന്നു കാണാൻ അവനോട് ഞാൻ പറഞ്ഞിട്ടുണ്ട്. ബീനയുടെ ഇന്റേൺഷിപ്പ് തീരാൻ ആറ് മാസം കൂടിയുണ്ട്.അവളും ശനിയാഴ്ച വരും."

"നിങ്ങൾ എല്ലാരും ഇവിടം വരെ വന്നിരുന്നെങ്കിൽ എനിക്കൊന്ന് കാണാമായിരുന്നു.ഞാൻ ഇനി എത്ര നാൾ കൂടി കാണുമെന്ന് ആർക്കറിയാം. പ്രായം കൂടിക്കൂടി വരുന്നു." അപ്പച്ചന്റെ വാക്കുകൾ കേട്ട് ജേക്കബിന് എന്തോ വല്ലായ്മ തോന്നി.

"ഞങ്ങൾ അടുത്ത ദിവസം തന്നെ അങ്ങോട്ട് വരാം അപ്പച്ചാ, ഞാൻ ഇനി നാളെ വിളിക്കാം. ഫോൺ ശങ്കരനൊന്ന് കൊടുക്ക്." വല്യപ്പച്ചൻ ഫോൺ കൈമാറിയതോടെ ജേക്കബ് ഫോൺ അച്ചായന് കൊടുത്തു.

"അപ്പച്ചൻ ഞങ്ങളുടെ കാര്യം തിരക്കിയോ.?"

ശങ്കരനോട് സെബാസ്റ്റ്യൻ തിരക്കി.

"നിങ്ങൾ ഞായറാഴ്ച വരുമെന്ന് ഞാൻ പറഞ്ഞു." ശങ്കരൻ.

"ഓ.കെ എന്തെങ്കിലും പ്രശ്നമുണ്ടെങ്കിൽ വിളിക്കണം. നമ്പർ ശങ്കരന് അറിയാമല്ലോ."

"അറിയാം സർ, ബൈ."ജേക്കബ് ഫോൺ വച്ചു.

അച്ചായനും അമ്മച്ചിക്കുമൊപ്പം ജേക്കബും് പ്രാർഥനയിൽ പങ്കു ചേർന്നു. കിടക്കും മുമ്പ് എല്ലാവരും കുറച്ചുനേരം കൂടി സംസാരിച്ചിരുന്നു.

വെള്ളിയാഴ്ച പുലർന്നപ്പോഴേ ജേക്കബ് ഉണർന്നു. കാപ്പികുടിച്ച് പോർച്ചിൽ കിടന്ന പത്രമെടുത്ത് നിവർത്തുമ്പോൾ ആശങ്കയായിരുന്നു ഉള്ളിൽ. "കോർപറേഷൻ എം.ഡി നിരപരാധി." വാർത്ത കണ്ട് അയാൾക്ക് അതിശയം തോന്നി. പത്രക്കാരോടൊന്നും താൻ സംസാരിച്ചിരുന്നില്ലല്ലോ,ജേക്കബ് മനസിലോർത്തു. സപ്ലയേഴ്സിൽ നിന്നും താൻ കൈക്കൂലി വാങ്ങിയിട്ടില്ലെന്നും ഒരു വർഷത്തിനുള്ളിൽ പത്തുശതമാനം പലിശ സഹിതം തിരികെ കൊടുക്കാമെന്ന പേരിൽ കടമായി വാങ്ങിയതായിരുന്നു പണമെന്നും വാർത്തയിലുണ്ട്. മന്ത്രിയുടെ പേഴ്സണൽ സെക്രട്ടറി മാത്രമാണ്താനും മന്ത്രിയുമായുള്ള സംസാരം കേട്ടിരുന്നത്. പത്രക്കാർക്ക് വിവരം നൽകിയതും സെക്രട്ടറിതന്നെയാവും. ഐ.എ.എസ് ഓഫിസർ എന്ന നിലയിലുള്ള തന്റെ പ്രവർത്തനങ്ങളെ ലേഖകൻ എടുത്തുകാട്ടിയിട്ടുണ്ട്.കുമരകത്തെ ടൂറിസ്റ്റ് കേന്ദ്രമായി വികസിപ്പിക്കുന്നതിൽ ചെയ്ത സേവനങ്ങളും റിപ്പോർട്ടിലുണ്ട്. കോർപറേഷനിൽ ജേക്കബ് തുടരണോ എന്ന കാര്യം വെള്ളിയാഴ്ച ചേരുന്ന മന്ത്രിസഭായോഗം തീരുമാനിക്കും എന്ന് റിപ്പോർട്ട് തുടരുന്നു.

ഫോൺ തുടരെ തുടരെ ശബ്ദിച്ചുകൊണ്ടിരുന്നു. സുഹൃത്തുക്കളും സഹപ്രവർത്തകരുമൊക്കെ വാർത്ത കണ്ട് വിളിക്കുകയാണ്. ജേക്കബ് അപ്പച്ചനെയും അമ്മച്ചിയെയും വാർത്ത കാണിച്ചു. അവർക്കും സന്തോഷമായി. "ഇനി ആർക്കും വിശദീകരണം നൽകേണ്ടി വരില്ലല്ലോ?" അമ്മച്ചി പറഞ്ഞു.

"എനിക്കിപ്പോ സന്തോഷം തോന്നുന്നു. മന്ത്രി നിനക്കുവേണ്ടി സംസാരിച്ചേക്കുമെന്നാണ് എനിക്ക് തോന്നുന്നത്. സത്യം ഒടുവിൽ വിജയിക്കുകതന്നെ ചെയ്യും." പ്രഭാത ഭക്ഷണത്തിനിടെ സെബാസ്റ്റ്യൻ പറഞ്ഞു.

"എന്റെ ഭാഗത്തു തെറ്റൊന്നുമില്ലെന്ന് എല്ലാവർക്കുമറിയാം. പോരാത്തതിന് ആ സപ്ലയറെക്കുറിച്ച് മുമ്പുതന്നെ കഥകളേറെ കേട്ടിട്ടുമുണ്ട്. "ജേക്കബ് പറഞ്ഞു.

"അയാളെകുറിച്ച് നീ മന്ത്രിയോട് പറഞ്ഞോ?"

"അയാളെ എല്ലാർക്കും നന്നായി അറിയാം. അപ്പച്ചാ." പെട്ടെന്ന് ഫോൺ റിംഗ് ചെയ്തു. ജേക്കബ് റിസീവർ ചെവിയോട് ചേർത്തു. മറുതലയ്ക്കൽ മേരിയാണ്.

"ഹലോ, ഞങ്ങൾ രാവിലെ തന്നെ പുറപ്പെട്ടു. കാപ്പി കുടിക്കാനായി തിരുവല്ലയിൽ ഇറങ്ങിയതാണ്. ഉടനെ ഇവിടെ നിന്ന് പുറപ്പെടും. ഞങ്ങൾ പത്രം കണ്ടിരുന്നു. ആരാണ് വാർത്ത കൊടുത്തത്? ആരോടെങ്കിലും ഇക്കാര്യം സംസാരിച്ചിരുന്നുവോ?" മേരി.

"ഇല്ല.ഞാൻ മന്ത്രിയോട് മാത്രമേ സംസാരിച്ചിട്ടുള്ളൂ. എനിക്ക് തോന്നുന്നു, മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയാണവർക്ക് വിവരം കൊടുത്തതെന്ന്. അദ്ദേഹം മന്ത്രിയുമായുള്ള എന്റെ സംസാരം കേൾക്കുന്നുണ്ടായിരുന്നു."

"പത്രത്തിൽ ഇക്കാര്യം വന്നത് എന്തായാലും നന്നായി. പ്രശ്നപരിഹാരത്തിന് വഴി തെളിയുന്നുണ്ട്. വെക്കട്ടെ, ഞങ്ങൾ ഉടനെ തന്നെ എത്തും. "മേരി .

"ഓ.കെ നിങ്ങൾ വന്നിട്ടേ ഞങ്ങൾ ഊണിനിരിക്കൂ." പറഞ്ഞിട്ട് ജേക്കബ് ഫോൺ വച്ചു.

ജേക്കബ് വീണ്ടും പത്രത്തിലേക്ക് കണ്ണോടിച്ചു. അമ്മച്ചി അടുക്കളയിൽ സഹായിക്കാൻ പോയി. സാധാരണ ദിവസങ്ങളിൽ, ഓഫിസിൽ ഈ സമയത്ത് തിരക്കിലാവും. ഒന്നും ചെയ്യാനില്ലാതെ വീട്ടിലിരിക്കുക മുഷിച്ചിലാണ്, ജേക്കബ് മനസിലോർത്തു.